## പതിനാലാം കേരള നിയമസഭ

**പതിനാൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1372**

**06.03.2020- ൽ**
**മറുപടിക്ക്**

### മുണ്ടേരി, മുട്ടിക്കടവ് കൃഷിത്തോട്ടങ്ങളിൽ ഫാം ടൂറിസം പദ്ധതി

| ചോദ്യം<br>**ശ്രീ.പി.വി.അൻവർ** | മറുപടി<br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) ഏഷ്യയിലെ തന്നെ വലിപ്പത്തിൽ രണ്ടാം സ്ഥാനമുള്ള മുണ്ടേരി കൃഷി ഫാം, മുട്ടിക്കടവ് ജില്ലാ വിത്തു കൃഷിത്തോട്ടം എന്നിവിടങ്ങളിൽ ടൂറിസം വകുപ്പുമായി ചേർന്ന് ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) മുണ്ടേരി വിത്തു കൃഷിത്തോട്ടത്തിൽ പ്രളയാനന്തരമുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മുണ്ടേരി വിത്തു കൃഷിത്തോട്ടത്തിൽ പശു,എരുമ, മത്സ്യം, താറാവ്, മുയൽ, ക്ലൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടും ഏറുമാടങ്ങൾ, മുളങ്കുടിലുകൾ, വെർട്ടിക്കൽ ഗാർഡൻ, പൂന്തോട്ടങ്ങൾ, ലാൻഡ് സ്കേപ്പിംഗ് എന്നിവ ചെയ്തുകൊണ്ടും ഫാം ടൂറിസം നടപ്പിലാക്കുന്നതിനുള്ള കരട് പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.<br>മുട്ടിക്കടവ് (ചുങ്കത്തറ) ജില്ലാകൃഷിത്തോട്ടത്തിൽ ഫാം ടൂറിസം നടപ്പാക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| ബി) അന്തർ സംസ്ഥാന പാതയായ സി.എൻ.ജി. റോഡിനോട് ചേർന്ന മുട്ടിക്കടവ് ജില്ലാ വിത്ത് കൃഷിത്തോട്ടത്തിൽ മുതിർന്നവർക്കും കുട്ടികൾക്കും വിനോദത്തിനും വിശ്രമത്തിനുമായി ലഘു ഭക്ഷണ ശാലയോടുകൂടിയ കാർഷിക സൗഹൃദപാർക്ക് ആരംഭിക്കുന്ന കാര്യത്തിൽ അഭിപ്രായം അറിയിക്കാമോ;<br><br>സി) കൃഷി വകുപ്പിന് വരുമാനം ലഭിക്കുന്ന വിധത്തിൽ ഇത്തരം ഒരു പദ്ധതി തയ്യാറാക്കുന്നതിന് മലപ്പുറം ജില്ല ടൂറിസം പ്രമോഷൻ കൗൺസിലിന് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും<br>മലപ്പുറം ജില്ലാ പഞ്ചായത്തിനു കീഴിൽ വരുന്ന വാർഷിക പദ്ധതി 2018-2019 , 2019-2020, 2020-2021 പ്രകാരം ചുങ്കത്തറ (മുട്ടിക്കടവ്) ജില്ലാ കൃഷിത്തോട്ടത്തിൽ ലഘു ഭക്ഷണശാല, വിൽപ്പനശാല, വാഹനപാർക്കിംഗ്, ശുചിമുറി എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു. ജില്ലാ പഞ്ചായത്തിൽ ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം കഴിഞ്ഞ മൂന്ന് വർഷമായി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ല. |

| | |
|---|---|
| ഡി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ദേശീയ/സംസ്ഥാന പാതയോരത്ത് ശുചിമുറികൾ സ്ഥാപിക്കുന്ന പദ്ധതിക്കായി മുട്ടിക്കടവ് ജില്ലാ വിത്തു കൃഷിത്തോട്ടത്തിന്റെ സ്ഥലം ലഭ്യമാക്കാമോ; വിശദമാക്കാമോ? | ഡി) മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2018-2019, 2019-2020, 2020-2021 സാമ്പത്തിക വർഷ പദ്ധതി പ്രകാരം ശുചിമുറികൾക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ലഭ്യതക്കുറവ് മൂലം കഴിഞ്ഞ 3 വർഷമായി പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ